## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1904 05.10.2016-ന് മറുപടിയ്ക്ക്**

## സംസ്ഥാനത്തിന്റെ വനഭൂമിയുടെ വിസ്തൃതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വനഭൂമിയുടെ വിസ്തൃതി ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൊത്തം ഭൂവിസ്തൃതിയുടെ എത്ര ശതമാനം വനമുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വനവിസ്തൃതി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 29.1 ശതമാനം വനമുണ്ട്. |
| (ബി) | സംസ്ഥാനത്തെ വനഭൂമി രാജ്യത്തെ വനവിസ്തൃതിയുടെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനം കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ വനഭൂമി രാജ്യത്തെ വനവിസ്തൃതിയുടെ 01.479 ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ട്; പരിഹാര വനവൽക്കരണം നടത്തിയ ഭൂമി, കണ്ടൽക്കാടുകൾ, സംരക്ഷണത്തിനായി വനംവകുപ്പിനെ ഏൽപ്പിച്ച ഭൂമി എന്നിവ റിസർവ്വ് വനമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതുവഴി വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും, വനം കൈയ്യേറ്റം ഉണ്ടായാൽ ആയവ ഉടനടി ഒഴിപ്പിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും, വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു. വന സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ ആധുനിക ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ നൽകി സജ്ജരാക്കിയിട്ടുണ്ട്. റവന്യൂ പോലീസ് |

| | | | |
|---|---|---|---|
| | | | അധികാരികളുടെ സഹായത്തോടെ വനംകയ്യേറ്റം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. 01.01.1977 ന് ശേഷമുള്ള വനംകയ്യേറ്റം ഒഴിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കാനായി സംസ്ഥാന-സർക്കിൾ തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മേൽ കമ്മിറ്റികൾ വനംകയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്ത് വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വനം കയ്യേറ്റങ്ങൾ ഫലപ്രദമായി ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**